GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/06/2026

1. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്ക് പരിധിയിലെ മണമ്പൂർ, ഒറ്റൂർ, ചെറുന്നിയൂർ, ചെമ്മരുതി, ഇടവ, വെട്ടൂർ, ഇളകമൺ, വർക്കല മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് വർക്കല ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നസ്സീമ ബീവി എം അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8891019771 ,9446661689.

2. തിരുവനന്തപുരം ജില്ലയിൽ 2026-27 വർഷം ആത്മ പദ്ധതിയുടെ ഭാഗമായി യുവജനങ്ങൾക്കായി വിവിധ കാർഷിക വിഷയങ്ങളെ

ആസ്പദമാക്കി 25 ദിവസം ദൈർഘ്യമുള്ള സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കാർഷിക കോളേജ്, വെള്ളായണി, IFSRS കരമന, കൃഷി വിജ്ഞാന കേന്ദ്രം, മിത്രനികേതൻ എന്നിവിടങ്ങളിലായി 2026 ജൂൺ-ജൂലൈ മാസങ്ങളിലായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ നൂതന കൃഷിരീതികളായ ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, മൈക്രോഗ്രീൻസ് എന്നിവയ്ക്ക് പുറമെ ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ്, കൂൺ കൃഷി, തേനീച്ച വളർത്തൽ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, അലങ്കാര സസ്യകൃഷി, ഉദ്യാന പരിപാലനം, ജൈവ വളം/ജൈവകീടനാശിനി നിർമ്മാണം, ചെറുകിട കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നല്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അതാത് കൃഷി ഭവനുകളിൽ 2026 ജൂൺ 19 നു മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383471980, 9383471995 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ATMA പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

3. "ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ബ്ലോക്ക്

പരിധിയിലെ വിളപ്പിൽ, വിളവൂർക്കൽ, മലയിൻകീഴ്, മാറനല്ലൂർ, കല്ലിയൂർ, പള്ളിച്ചൽ, ബാലരാമപുരം എന്നീ കൃഷിഭവനകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് പള്ളിച്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8606015870, 9383470130.

4. തിരുവനന്തപുരം ജില്ലയിലെ ആര്യനാട് കൃഷിഭവനിൽ ഹൈബ്രിഡ് തെങ്ങിൻ തൈകൾ 50% സബ്സിഡി നിരക്കിൽ 125 രൂപയ്ക്ക് ലഭ്യമാണ്. കർഷകർ കൃഷിഭവനുമായി ബന്ധപ്പെടുക.

5. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ തൃശ്ശൂർ വെള്ളാനിക്കര, ക്യാമ്പസിലുള്ള ബയോടെക്നോളജി ഡിപ്പാർട്മെന്റിൽ ടിഷ്യുക്കൾച്ചർ വാഴത്തൈകൾ വില്പനക്ക് ലഭ്യമാണ്. **റോബസ്റ്റ തൈ** ഒന്നിന് 25 രൂപ നിരക്കിലും, **നെടുനേന്ത്രൻ തൈ** ഒന്നിന് 40 രൂപ നിരക്കിലും രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ലഭ്യമാണ്. ഫോൺ നമ്പർ 9048178101, 0487-2438576.

6. വയനാട് ജില്ലയിലെ മുള്ളൻകൊല്ലി കൃഷിഭവനിൽ ഈ സാമ്പത്തിക വർഷം മികച്ച രീതിയിൽ ഓണ വിപണി ലക്ഷ്യമാക്കി പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരുടെ ഒരു പട്ടിക തയ്യാറാക്കുന്നു.

പച്ചക്കറി കൃഷി ചെയ്യുന്ന ആകെ സ്ഥലം, ഏതൊക്കെ വിളകൾ, വിൽപ്പനയ്ക്ക് പ്രതീക്ഷിക്കുന്ന അളവ് എന്നിവ മുള്ളൻകൊല്ലി കൃഷി ഭവനിൽ അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പച്ചക്കറി വികസന പദ്ധതി പ്രകാരം സബ്സിഡി അനുകൂല്യങ്ങളും ലഭിക്കുന്നതാണെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു. ഫോൺ നമ്പർ 9383471949.

7. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കാർഷിക സാർവ്വകലാശാല കൃഷി വിജ്ഞാനകേന്ദ്രം സദാനന്ദപുരവും സംയുക്തമായി സംഘടിപ്പിക്കുന്ന കിസാൻ മേളയും കർഷക സെമിനാറും ഇന്ന് (17.06.2026) രാവിലെ 9 മണി മുതൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഇവിടെ വച്ച് ഓണവിപണി ലക്ഷ്യമാക്കി പച്ചക്കറി വിത്തുകൾ മൂല്യവദ്ധിത ഉത്പന്നങ്ങൾ , ഫലവർഗ്ഗങ്ങൾ കാർഷിക കർമസേനയുടെ പച്ചക്കറി തൈകൾ എന്നിവയുടെ പ്രദർശനവും വില്പനയും ഉണ്ടായിരിക്കുന്നതാണ് .